# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4888 — 05.02.2014-ൽ മറുപടിയ്ക്ക്

<u>തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് അദ്ധ്യാപകർ</u>

| | <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|---|
| | ശ്രീ.പി.റ്റി.എ. റഹിം | <u>ഡോ.എം.കെ.മുനീർ</u><br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) | എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നത് സ്കൂളുകളിലെ അദ്ധ്യയനത്തിന് തടസ്സങ്ങളു ണ്ടാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടു ണ്ടോ ; | ഇല്ല. |
| ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർ കാലാവധി പൂർത്തിയാവുന്നതുവരെ അവധി എടുക്കണമെന്ന നിബന്ധന വയ്ക്കാൻ നടപടി സ്വീകരിക്കുമോ? | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകരായ അംഗങ്ങളിൽ അദ്ധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്നവർക്ക് മാത്രമേ അവരുടെ അംഗത്വകാലാവധി മുഴുവനും ദീർഘകാലാവധിയിൽ പ്രവേശിച്ചിരിക്കണമെന്ന നിബന്ധനയുള്ളൂ. എന്നാൽ അംഗങ്ങളായ അദ്ധ്യാപകർക്ക് ഈ വ്യവസ്ഥ ബാധകമല്ല. നിബന്ധന പരിഷ്കരിക്കുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശമോ, ശുപാർശയോ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ